2014-15 വർഷത്തിൽ കാസർഗോഡ് ജില്ലയിലെ 7 സംഘങ്ങൾക്കായി 16,39,121 രൂപയുടെ റിബേറ്റ് അപേക്ഷകൾ താഴെപ്പറയും പ്രകാരം കൊടുക്കാനുണ്ട് :

ക്രമ നമ്പർ	സംഘം	തുക
1	മാണിയാട്ട് കൈത്തറി നെയ്ത്ത് സഹകരണസംഘം	2,33,030
2	തൃക്കരിപ്പൂർ കൈത്തറി നെയ്ത്ത് സഹകരണസംഘം	3,82,662
3	രാംനഗർ കൈത്തറി നെയ്ത്ത് സഹകരണസംഘം	4,34,608
4	നീലേശ്വരം കൈത്തറി നെയ്ത്ത് സഹകരണസംഘം	2,31,094
5	പെർള കൈത്തറി നെയ്ത്ത് സഹകരണസംഘം	71,796
6	കാസർഗോഡ് കൈത്തറി നെയ്ത്ത് സഹകരണസംഘം	2,70,601
7	കളനാട് കൈത്തറി നെയ്ത്ത് സഹകരണസംഘം	66,190
	ആകെ	16,89,981

(സി) വിശദവിവരം ശേഖരിച്ചുനൽകുന്നതാണ്.

(ഡി) വിവരം ശേഖരിച്ചുനൽകുന്നതാണ്.

കാസർഗോഡ് ഉദുമ ടെക്സ്റ്റൈൽസ്

260 (605) ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാസർഗോഡ് ജില്ലയിലെ മൈലാട്ടിയിൽ നിർമ്മാണം പൂർത്തീകരിച്ച് പ്രവർത്തനസജ്ജമായ ഉദുമ ടെക്സ്റ്റൈൽസ് മിൽ 4 വർഷമായിട്ടും തുറന്ന് പ്രവർത്തിക്കാൻ കഴിയാതെ വന്നതിന്റെ കാരണം വ്യക്തമാക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) പ്രസ്തുത വ്യവസായ സ്ഥാപനം എപ്പോൾ പ്രവർത്തനം ആരംഭിക്കുമെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) പദ്ധതിക്കാവശ്യമായ തൊഴിലാളികളെയും ജീവനക്കാരെയും നിയമിക്കുന്നതിനുള്ള നിയമന നടപടികൾ ആരംഭിച്ചെങ്കിലും ഇതിനെതിരെ ബഹുമാനപ്പെട്ട ഹൈക്കോടതി മുമ്പാകെ വിവിധ കേസ്സുകൾ ഫയൽ ചെയ്തിട്ടുണ്ട്. ഈ കേസ്സുകൾ/ഇടക്കാല ഉത്തരവുകൾ തീർപ്പാകാത്തതുമൂലം പദ്ധതിക്കാവശ്യമായ നിയമനങ്ങൾ നടത്തുവാൻ സാധിച്ചിട്ടില്ല. അവശേഷിക്കുന്ന ജോലികൾ പൂർത്തീകരിച്ച് വ്യാവസായിക അടിസ്ഥാനത്തിൽ പ്രവർത്തനം തുടങ്ങുന്നതിന് 7.18 കോടിരൂപ വേണ്ടിവരുമെന്ന് കണക്കാക്കുന്നു.

(ബി) നിയമന നടപടികളിന്മേലുള്ള കോടതി കേസ്സുകൾ തീർപ്പാവുകയും മില്ലിന്റെ അവശേഷിക്കുന്ന ജോലികൾ പൂർത്തിയാക്കപ്പെടുകയും ചെയ്യുന്ന മുറയ്ക്ക് വാണിജ്യാടിസ്ഥാനത്തിൽ ഉൽപ്പാദനം തുടങ്ങാനാവുമെന്ന് കരുതുന്നു.

സംസ്ഥാനത്തെ ടെക്സ്റ്റൈൽ മില്ലുകൾ നേരിടുന്ന പ്രതിസന്ധികൾ

261 (606) ശ്രീ. മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ ടെക്സ്റ്റൈൽ മില്ലുകൾ നേരിടുന്ന പ്രതിസന്ധി പരിഹരിക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ ;

(ബി) കോട്ടയം ടെക്സ്റ്റയിൽസ് ഉൾപ്പെടെയുള്ള സംസ്ഥാനത്തെ മില്ലുകൾ ആധുനികവൽക്കരിക്കുന്നതിനും പുതിയ മെഷിനറിയും പ്ലാന്റും സ്ഥാപിക്കുന്നതിനും നടപടി സ്വീകരിക്കുമോ ;

(സി) കോട്ടയം ടെക്സ്റ്റയിൽസിലെ തൊഴിലാളികളുടെ ഗ്രാറ്റുവിറ്റി, ഇ.പി.എഫ്., ഇ.എസ്.ഐ. ആനുകൂല്യങ്ങൾ യഥാസമയം വിതരണം ചെയ്യുന്നുണ്ടോ ; ഇല്ലെങ്കിൽ എത്ര മാസത്തെ കുടിശ്ശിക ഉണ്ട് ; ഇത് എത്രയും വേഗം വിതരണം ചെയ്യുന്നതിന് നിർദ്ദേശം നൽകുമോ ;

(ഡി) കോട്ടയം ടെക്സ്റ്റയിൽസിലെ തൊഴിലാളികളുടെ ശമ്പളത്തിൽനിന്നും പിടിക്കുന്ന റിക്കവറികൾ യഥാസമയം സൊസൈറ്റി അടയ്ക്കുന്നുണ്ടോ ; പിടിക്കുന്ന റിക്കവറി തുകകൾ അടയ്ക്കാത്ത സാഹചര്യം നിലനിൽക്കുന്നുണ്ടോ ; ഇക്കാര്യം

LIBRARY ARCHIVES Kerala Legislative Assembly